DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

12.04.2019

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

ഓണത്തിന് വിളവെടുക്കാൻ പാകത്തിൽ പൂകൃഷി ചെയ്യാനാഗ്രഹിക്കുന്നവർക്കായി കേരള കാർഷിക സർവകലാശാലയുടെ 'വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ ഫ്ളോറിക്കൾച്ചർ ആൻറ് ലാൻറ് സ്കേപ്പിംഗ് വിഭാഗത്തിൽ' ചെണ്ടുമല്ലി, വാടാമല്ലി തൈകൾ തയാറാവുന്നു. കുറഞ്ഞത് 100 തൈകളെങ്കിലും ആവശ്യമുള്ളവർക്ക് ഏപ്രിൽ 30 നു മുമ്പ് വിലയുടെ പകുതി തുക മുൻകൂറായി അടച്ച് ബുക്കു ചെയ്യാം. സങ്കരയിനം ചെണ്ടു മല്ലി തൈ ഒന്നിന് 4 രൂപയും സാധാരണ ഇനം ചെണ്ടുമല്ലിക്കും വാടാമല്ലിക്കും 2 രൂപയുമാണ് വില. തൈകൾ ബുക്ക് ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9496559382, 9446058811

## "കിസാൻ സുവിധാ" മൊബൈൽ ആപ്

കേന്ദ്ര കൃഷി മന്ത്രാലയം വികസിപ്പിച്ചെടുത്ത കിസാൻ സുവിധാ മൊബൈൽ ആപ്പിലൂടെ കാലാവസ്ഥ, വിപണി, സസ്യസംരക്ഷണം, കാർഷിക വാർത്തകൾ, മുന്നറിയിപ്പുകൾ, വളം, കീടനാശിനി, വിത്ത്

ലഭ്യത, കൃഷിയന്ത്രങ്ങൾ, കിസാൻ കോൾ സെന്റർ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ ഇംഗ്ലീഷിൽ ലഭിക്കും. ഗൂഗിൾ പ്ലേസ്റ്റോറിലൂടെയും mkisan.gov.in എന്ന mkisan portal ലിലൂടെയും സ്മാർട്ട് ഫോണിൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## അറിയിപ്പ്

കേരള കാർഷിക സർവകലാശാലയുടെ ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷനിൽ രൂപകൽപന ചെയ്ത മൈക്രോസ്പ്രിങ്കളർ, ഒരെണ്ണം 12 രൂപ നിരക്കിൽ ലഭ്യമാക്കുന്നു. ചെടിയുടെ വളർച്ചാഘട്ടത്തിനനുസരിച്ച് ഉയരം ക്രമീകരിക്കാം. പരമാവധി രണ്ടു മീറ്റർ വ്യാസം വരെ നനയ്ക്കാം. അധിക വിവരങ്ങൾക്ക് ഫോൺ നമ്പർ 0480-2702116.

## കോഴികൾക്ക് വേനൽക്കാല സംരക്ഷണം

അന്തരീക്ഷത്തിലെ ചെറിയ മാറ്റങ്ങൾ പോലും കോഴികളുടെ വളർച്ചയേയും ഉൽപാദനത്തേയും ബാധിക്കുമെന്നതിനാൽ കോഴികൾക്ക് വേനൽക്കാല സംരക്ഷണം നൽകേണ്ടത് അത്യാവശ്യമാണ്. ചൂട് കൂടുന്നതോടെ കോഴികൾ കഴിക്കുന്ന തീറ്റയുടെ അളവ് വളരെ കുറയുകയും ഉൽപാദനം കുറയുകയും മരണ നിരക്ക് കൂടുകയും ചെയ്യും. മുട്ടയുൽപ്പാദനത്തെ ചൂട് പ്രതികൂലമായി ബാധിക്കുന്നുവെന്ന് മാത്രമല്ല, ഇടുന്ന മുട്ടയുടെ വലുപ്പത്തിലും പോഷകമൂല്യത്തിലും വ്യതിയാനം സംഭവിക്കുകയും ചെയ്യും. കൂടുതൽ വേനൽച്ചൂട് പ്രതീക്ഷിക്കുന്ന സ്ഥലങ്ങളിൽ കോഴിക്കൂട് കിഴക്ക്-പടിഞ്ഞാറായി പണിതുയർത്തുന്നതാണ് നല്ലത്. ഇതു

മൂലം നേരിട്ടുള്ള സൂര്യരശ്മിയോ, ചൂട് കാറ്റോ, മഴയോ ഒന്നും തന്നെ കൂട്ടിൽ കടന്ന് പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല. കൂടിനുള്ളിലെ വായു സഞ്ചാരം തൃപ്തികരമാക്കാൻ വശങ്ങളിലുള്ള കമ്പിവല നിത്യവും വൃത്തിയാക്കേണ്ടതാണ്. കൂടിന്റെ പാർശ്വഭിത്തിയിലും കൂരയിലും കുമ്മായമോ വെള്ള പെയിന്റോ അടിച്ചാൽ കൂടിനുള്ളിൽ ചൂട് കടക്കുന്നത് കുറയ്ക്കാം. തണുത്ത അന്തരീക്ഷം ഉണ്ടാക്കാൻ വെള്ളം തളിച്ച ചാക്ക് കൂടിന്റെ പാർശ്വഭിത്തികളിൽ ഇടാം. കോഴിക്കൂടിനുചുറ്റും ചെറുചെടികളും പുൽത്തകിടികളും തണൽവൃക്ഷങ്ങളും വെച്ച് പിടിപ്പിക്കുന്നത് നന്നായിരിക്കും. വേനൽക്കാലത്ത് തറയിൽ വിരിയ്ക്കുന്നവിരിയുടെ കനം പകുതിയാക്കണം. വിരികൾ ദിനം പ്രതി ഒരു തവണ ഇളിക്കിയിടണം. വേനൽക്കാലത്ത് കോഴികൾ എടുക്കുന്ന തീറ്റയുടെ അളവ് കുറയുന്നതിനാൽ മാംസ്യം, ഊർജ്ജം, കാൽസ്യം, ഫോസ്ഫറസ്, ജീവകം എ, ബി2, ഡി3 തുടങ്ങിയവയുടെ അളവ് സാധാരണത്തേതിനേക്കാൾ 10 ശതമാനം അധികമുള്ള തീറ്റ നൽകണം. തീറ്റ നൽകുന്നതാവട്ടെ അതിരാവിലെയും വൈകുന്നേരവുമാണ്നല്ലത്. തണുത്ത വെള്ളം ധാരാളമായി കൊടുക്കാം. ജീവകം സി പ്രൊബയോട്ടിക് ഔഷധങ്ങൾ, ഇലക്ക്ട്രോലൈറ്റ്, ഗ്ലൂക്കോസ് തുടങ്ങിയവയും ചൂട് കാലങ്ങളിൽ വെള്ളത്തിൽ ചേർത്ത് കൊടുക്കാവുന്നതാണ്.